# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/188/2017 പത്രക്കുറിപ്പ് 2017 സെപ്റ്റംബർ 03

**ജൈവം 2017 : ചരിത്രപരമായ ദൗത്യമെന്ന് എം. ജി. വി. സി.**

**ജൈവസാക്ഷരതാ പദ്ധതിയിൽ 2.85 ലക്ഷം ഭവനസന്ദർശനവും സർവ്വേയും പൂർത്തിയായി.**

മഹാത്മാഗാന്ധി സർവ്വകലാശാല ജൈവം പദ്ധതിയിലൂടെ ചരിത്രപരമായ ദൗത്യമാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. ജൈവസാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന നാഷണൽ സർവ്വീസ് സ്കീം ക്യാമ്പുകളിലെ എൻ. എസ്. എസ്. വോള ിയർമാരെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂവാറ്റുപുഴ നിർമ്മല, കുറവിലങ്ങാട് ദേവമാതാ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് എന്നീ കോളേജുകളുടെ ക്യാമ്പിംഗ് സൈറ്റുകളാണ് വൈസ്ചാൻസലർ സന്ദർശിച്ചത്.

കോട്ടയം ജില്ലയിലെ 4,87,296 ഭവനങ്ങളിലും സർവ്വകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിലെ പതിനായിരത്തിൽ പരം എൻ. എസ്. എസ് വോള ിയർമാർ സന്ദർശിച്ച് ജൈവകൃഷിരീതികൾ പരിചയപ്പെടുത്തുകയും വിവരശേഖരണം നടത്തുകയും സമഗ്ര കൃഷി ബോധനകൈപ്പുസ്തകം കൈമാറുകയുമാണ് ചെയ്യുന്നത്.

**അടിക്കുറിപ്പ്**

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ്, ഇടമറ്റം കെ. റ്റി. ജെ. എം. ഹൈസ്കൂളിൽ നടത്തുന്ന ജൈവം ക്യാമ്പിൽ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എൻ. എസ്. എസ്. വോള ിയർമാരെ അഭിസംബോധന ചെയ്തു സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**